# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2482** **12/03/2020-ലെ മറുപടി**

## വേനൽക്കാലത്ത് ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ : | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനം നേരിടുന്ന കടുത്ത വേനലിൽ കുടിവെള്ളവിതരണം തടസ്സപ്പെടാതിരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ജലലഭ്യത കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ- ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിച്ചും നീർച്ചാലുകൾ നിർമ്മിച്ചും , ഗ്യാലറി വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജലസ്രോതസ്സുകൾ സംരക്ഷിച്ചും , ജലസേചന വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവരുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിച്ചും, ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചും, കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിങ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പ് വരുത്തിയും പമ്പിങ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടത്തിയും കൂടുതൽ പമ്പിങ് ആവശ്യമാണെങ്കിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചും, ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണമായും ഉപയോഗപ്പെടുത്തുന്ന രീതിയിൽ പുനരുദ്ധാരണ നവീകരണ പ്രവൃത്തികളും വിതരണ ശൃംഖല ശക്തിപ്പെടുത്തലും ഘട്ടം ഘട്ടം ആയി നടപ്പാക്കിയും, ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തിയും, അടിയന്തിര സാഹചര്യങ്ങളിൽ റവന്യൂ തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചും വെൻഡിങ് പോയിന്റുകൾ ഏർപ്പെടുത്തിയുമാണ് വേനലിൽ കുടിവെള്ള വിതരണം ഉറപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഉപേക്ഷിച്ച പാറമടകൾ പോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തുകയും ആവശ്യമെങ്കിൽ താൽക്കാലിക ശുദ്ധീകരണ ശാലകൾ സ്ഥാപിച്ച് അവിടെനിന്നും ജലവിതരണം നടത്തുകയും ചെയ്യുക എന്നിവയും ആവശ്യാനുസരണം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | വാട്ടർ അതോറിറ്റിയുടെ വിവിധ പദ്ധതികളുടെ കുടിവെള്ള ശേഖരണ ഉറവിടം വേനൽക്കാലത്ത് വറ്റിപ്പോകുന്നത് കുടിവെള്ള വിതരണത്തിന് പ്രതിസന്ധി ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | വാട്ടർ അതോറിറ്റിയുടെ ജലസംഭരണികൾ ഇല്ലാത്ത കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നതായി അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ഇത്തരം പദ്ധതികളുടെ സ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ |

| | | | |
|---|---|---|---|
| | | | നിർമ്മിച്ചും , ജലസേചന വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവരുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി വാട്ടർ അതോറിറ്റിയുടെ ഇൻടേക്ക് പോയിന്റിൽ എത്തിച്ചും, ഇറിഗേഷൻ വകുപ്പിന്റെ അധിനതയിലുള്ള ബാരേജ്ജ്,റെഗുലേറ്റർ എന്നിവയിൽ ഷട്ടർ ഇട്ട് ജല സംഭരണം ഉറപ്പാക്കിയും, ജല ലഭ്യത കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |
| സി) | പ്രസ്തുത പദ്ധതികളുടെ സമീപമുള്ള താൽക്കാലിക ഉറവിടങ്ങളിൽ നിന്നും കുടിവെള്ളം ശേഖരിച്ച് വിതരണം നടത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | സി) | പ്രസ്തുത പദ്ധതികളുടെ സമീപമുള്ള താൽക്കാലിക ഉറവിടങ്ങളിൽ നിന്നും കുടിവെള്ളം ശേഖരിച്ച് വിതരണം നടത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വകുപ്പിന്റെ പരിഗണനയിലുണ്ട്. ഉപേക്ഷിച്ച പാറമടകൾ, കുളങ്ങൾ പോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തുകയും ആവശ്യമെങ്കിൽ താൽക്കാലിക ശുദ്ധീകരണ ശാലകൾ സ്ഥാപിച്ച് അവിടെ നിന്നും ജല വിതരണം നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. ഉപയോഗശൂന്യമായ ക്വാറികളിലെ ജല ലഭ്യതയും, ആയതിലെ ജലത്തിന്റെ ഗുണനിലവാര പരിശോധനയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ